ഗ്രാൻറ്

*ഉ൦൦. (൫൦) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

മദിരാശി സംസ്ഥാനത്തിൽ പെട്ടിരുന്നതും ഇപ്പോൾ ചിറ്റൂർ താലൂക്കിൽ സ്ഥിതിചെയ്യുന്നതുമായ അപ്പുപിള്ളയൂർ സ്കൂളിനു ഗ്രാൻറ് അനുവദിച്ചുകൊടുക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ സ്കൂളിനു ഗ്രാൻറ് കൊടുക്കുവാൻ വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്.

പഞ്ചസാര വിതരണം

*ഉ൦൭. (൫൫) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പഞ്ചസാര ഉപയോഗിച്ചുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്കു പഞ്ചസാര കൂപ്പാട്ടാ അനുവദിക്കുന്നത് എന്തടിസ്ഥാനത്തിലാണ്

(ബി) പഞ്ചസാര കൺട്രോൾ ചെയ്തിട്ടില്ലാതിരുന്ന കാലത്തു നടത്തിയിട്ടുള്ള പ്രവർത്തനത്തിൻറെ അടിസ്ഥാനത്തിലാണോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) പഞ്ചസാരയുടെ അപ്പോഴപ്പോഴുള്ള സ്റ്റാക്ക് നില, പഞ്ചസാര കൺട്രോൾ ചെയ്തിട്ടില്ലാതിരുന്നകാലത്തു നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ, ഉല്പാദനത്തിനു സ്ഥാപനത്തിൻറെ കഴിവ് എന്നിവയുടെ അടിസ്ഥാനത്തിലാണ് പഞ്ചസാരകൂപ്പാട്ട അനുവദിക്കുന്നത്.

(ബി) എ വിഭാഗത്തിൻറെ ഉത്തരത്തിൽനിന്നും ഈ ചോദ്യത്തിൻറെ ഉത്തരം സ്പഷ്ടമാണ്.

ROAD FROM PERUMPELLY CHURCH

***1202.** [56] **Sri. M. I. Paul:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government realise the necessity for a road from the Perumpelli Church to the boat jetty in Appanghat Narakal Village; and

(*b*) if so, what action has been taken and how many representations have been so far recived in this connection?

Sri. E. John Philipose:

(*a*) A road will be useful.

(*b*) Two representations have been received. The Panchayat Department has prepared a cost report for the work but it has not been possible to allot funds for executing this work.

തറികൾ

*ഉ൦൮. (൫൭) ശ്രീ. എസ്. കുട്ടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തിനകത്തു ഓരോ ജില്ലയിലുമായി ഇപ്പോൾ എത്ര തറികൾ പ്രവർത്തനം നടത്തുന്നുണ്ട് എന്നു ശരിയായി സെൻസസ് എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനേകായിരം നെയ്ത്തുകാക്കു് പുതിയ കാർഡു ലഭിച്ചിട്ടില്ല എന്ന അധികാരസ്ഥാനത്തു പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നെയ്ത്തുകാക്കു് കാർഡു ലഭിക്കുവാൻ ഉടനടി വേണ്ടതു ചെയ്യുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഫൻ ൪൪-ൽ തിരുവിതാംകൂറിലുള്ള തറികളുടെ ഒരു സെൻസസു് എടുത്തിട്ടുണ്ടു്. അതനുസരിച്ചു് തിരുവിതാംകൂറിൽ ഉദ്ദേശം ൩ ൦, ൦ ൦ ൦ തറികൾ പ്രവർത്തനം നടത്തിയിരുന്നു എന്നു കാണുന്നു. കൊച്ചിയിൽ മേൽപ്രകാരം സെൻസസ്സു് എടുത്തിട്ടില്ല. എന്നാൽ ഇപ്പോൾ അവിടെ ഉദ്ദേശം ൫, ൫ ൦ ൦ തറികൾ പ്രവർത്തനം നടത്തുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) ചില നെയ്ത്തുകാരുടെ പരാതികൾ ലഭിച്ചിട്ടുണ്ടു്. ഈ ആക്ഷേപങ്ങൾ പരിഹരിപ്പാനായി ഉടൻതന്നെ ഒരു പുതിയ സെൻസസ്സു് എടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

DISTRIBUTION OF YARN TO HANDLOOM WEAVERS

*1204. [62] **Sri. N. P. Varghese:** Will the Hon'ble Minister for Education be pleased to state:

(*a*) what is the quota of yarn allotted to Travancore Cochin State;

(*b*) how many bundles per loom are distributed every month to the weavers in the Cochin District and the Kottayam District; and

(*c*) is there any distinction made in the supply of yarn per loom to factories and individual weavers?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) About 1747 bales monthly.

(*b*) 10 kazhies per loom from 1st October 1950 in both the Districts.

(*c*) No.

അറബി മുൻഷിമാർ

*൧൩൫. (൭൧) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) കുന്നാംപുള്ളി താലൂക്കിൽ ശ്രീകണ്ഠപുരം പ്രൈമറി സ്കൂളിൽ ഒരു അറബി മുൻഷിയെ നിയമിച്ചു് ൧൯൫൪ കുംഭത്തിൽ ഇൻസ്പെക്ടറാപ്പീസിലേക്കു് റിപ്പോർട്ടു് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടു് ഇനിയും പ്രസ്തുത നിയമനം അനുവദിച്ചില്ല?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) മുസ്ലിംകുട്ടികൾ കുറവായതുകൊണ്ടു്.

അരിഅയപ്പു്

൧൩൬. (൭൨) സാഹിബ്ബു്ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly